# Athmaraksha.org

നമ്മുടെ കടമകളും ഉത്തരവാദിത്വങ്ങളും

## മുറിവേറ്റ കുടുംബങ്ങളെ ശുശ്രൂഷിക്കാൻ കടമ: ഫ്രാൻസിസ് മാർപാപ്പ



മുറിവേറ്റ കുടുംബങ്ങളെ കണ്ടെത്തി ശുശ്രൂഷിക്കാൻ കത്തോലിക്കാസഭയ്ക്കു കടമയുണ്ടെന്ന ഫ്രാൻസിസ് മാർപാപ്പ. സഭയിലും സമകാലികസമൂഹത്തിലും കുടുംബത്തിന്റെ വിളിയും ദൗത്യവും എന്ന വിഷയത്തെക്കുറിച്ച ചർച്ച ചെയ്യാൻ വിളിച്ചുചേർത്തിട്ടുള്ള മെത്രാൻ സിനഡിന്റെ പതിന്നാലാമത് സാധാരണ പൊതുസമ്മേളനം വിശുദ്ധകുർബാന അർപ്പിച്ച് ഉദ്ഘാടനം ചെയ്യവേ സുവിശേഷ സന്ദേശം നല്കുകയായിരുന്ന മാർപാപ്പ.

വിവാഹത്തിന്റെ ഐക്യവും അവിഭാജ്യതയും സംരക്ഷിക്കാനും സത്യത്തോടും സ്നേഹത്തോടും തന്നെ വിളിച്ച ഈശോയോടു വിശ്വസ്തരായിരിക്കാനും സഭ വിളിക്ക പ്പെട്ടിരിക്കുന്നുവെന്ന മാർപാപ്പ ചൂണ്ടിക്കാട്ടി. സത്യമില്ലാത്ത സ്നേഹം വഴിതെറ്റിയ സ്നേഹമാണ്. സഭ വിളിക്കപ്പെട്ടിരിക്കുന്നത്, തെറ്റുപറ്റുന്നവരുടെ നേരേ വിരൽചൂണ്ടാനും വിധിക്കാനുമല്ല അവരെ അന്വേഷിച്ചിറങ്ങുന്ന, ശുശ്രൂഷിക്കുന്ന, അനുഗമിക്കുന്ന രക്ഷയുടെയും ജീവന്റെയും ഉറവിടമായ ദൈവത്തിലേക്കു നയിക്കുന്ന സഭയെയാണ് ഈ കാലഘട്ടത്തിന് ആവശ്യം.

വിവാഹത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചുമുള്ള ദൈവത്തിന്റെ സ്വപ്നത്തോടു സഹകരിക്കാത്ത മനുഷ്യഹൃദയം തളർന്നുപോകുന്നു. ദൈവത്തിനും ലോകത്തിനും ഇടയിലുള്ള ഒരു പാലമായി വർത്തിക്കാനാണു സഭ വിളിക്കപ്പെട്ടിരിക്കുന്നതെന്നും മാർപാപ്പ കൂട്ടിച്ചേർത്തു.

വിശ്വാസികളെക്കൊണ്ടു നിറഞ്ഞുകവിഞ്ഞ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ രാവിലെ പത്തിനു തുടങ്ങി പതിനൊന്നരയ്ക്കു സമാപിച്ച വിശുദ്ധ കുർബാനയിൽ 270 സിനഡ് പിതാക്കന്മാരും സിനഡിൽ സഹായിക്കുന്ന വൈദികരുമാണു സഹകാർമികരായിരുന്നത്. സീറോമലബാർസഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, സീറോമലങ്കരസഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കത്തോലിക്കാ ബാവ, മുംബൈ ആർച്ച്ബിഷപ് കർദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ്, ഗോവ ആർച്ച്ബിഷപ് ഡോ. ഫിലിപ്പ് നേരി ഫെറാവോ, ഷില്ലോംഗ് ആർച്ച്ബിഷപ് ഡോ. ഡൊമനിക് ജാല, തൃശൂർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, പുനലൂർ ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ എന്നീ സഭാധ്യക്ഷന്മാരാണു ഭാരതത്തിൽനിന്നു മാർപാപ്പയോടൊപ്പം സഹകാർമികരായിരുന്നത്. വിശുദ്ധ കുർബാനയുടെ സമയത്തും, പന്ത്രണ്ടുമണിക്കുള്ള ത്രികാലപ്രാർഥനാസമയത്തും വിശ്വാസികളെക്കൊണ്ട് സെന്റ് പീറ്റേഴ്സ് ചത്വരം നിറഞ്ഞുകവിഞ്ഞിരുന്നു.

ലത്തീൻഭാഷയിലാണ് വിശുദ്ധ കുർബാന അർപ്പിച്ചതെങ്കിലും ഉല്പത്തി പുസ്തകത്തിൽനിന്നുള്ള ഒന്നാമത്തെ

വായന ഇംഗ്ളീഷിലും ഹെബ്രായർക്കുള്ള ലേഖനത്തിൽനിന്നുള്ള രണ്ടാമത്തെ വായന ഫ്രഞ്ച് ഭാഷയിലുമായിരുന്നു.
സങ്കീർത്തനം ആലപിച്ചത് ഇറ്റാലിയൻ ഭാഷയിലാണ്. മർക്കോസ് എഴുതിയ സുവിശേഷം വായിച്ചതു ലത്തീൻ ഭാഷയിൽതന്നെ ആയിരുന്നു. സഭ, സിനഡ് പിതാക്കന്മാർ, ഭരണകർത്താക്കൾ, നിയമനിർമാതാക്കൾ, യുവാക്കൾ, വിവാഹവാഗ്ദാനം ചെയ്തവർ, പരീക്ഷിക്കപ്പെട്ടുകയും മുറിവേൽക്കുകയും വേദനിക്കുകയും ചെയ്യുന്ന കുടുംബങ്ങൾ എന്നിവർക്കുവേണ്ടി വിവിധ ഭാഷകളിൽ മധ്യസ്ഥപ്രാർത്ഥനയും നടന്നു.
വത്തിക്കാനിൽനിന്നു ഫാ. ജോസഫ് സ്രാമ്പിക്കൽ